"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - റവന്യൂ വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകാൻ അനുമതി നൽകിയ ശ്രീ. മനോജ് എൻ. എസ്. ന് മലപ്പുറം ജില്ലയിൽ റവന്യൂ വകുപ്പിൽ ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (റ്റി) വകുപ്പ്**

സ.ഉ.(കൈ) നം.93/2024/RD തീയതി,തിരുവനന്തപുരം, 07-06-2024

---

പരാമർശം:-

1. 24.05.1999 ലെ സ.ഉ.(പി)നം.12/1999/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്,
2. 04.04.2022 ലെ സ.ഉ.(കൈ)നം.94/2022/RD നമ്പർ ഉത്തരവ്.
3. ശ്രീ. മനോജ് എൻ. എസ്. സമർപ്പിച്ച 26.10.2023 ലെ അപേക്ഷ.
4. ലാൻഡ് റവന്യൂ കമ്മീഷണറുടെ 25.01.2024 ലെ എൽ.ആർ./626/2024-എൽ.ആർ.(എൽ3) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

റവന്യൂ വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ ആയി ജോലി നോക്കി വരവെ 01.11.2020 ൽ അന്തരിച്ച ശ്രീമതി ശോഭന ജി.യുടെ മകനായ ശ്രീ. മനോജ് എൻ. എസ്. (മഞ്ജു നിവാസ്, വരിഞ്ഞം, കല്ലുവാതുക്കൽ പി.ഒ., കൊല്ലം 691 578) ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം റവന്യൂ വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകാൻ പരാമർശം (2) പ്രകാരം അനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാളിതുവരെയും ടിയാന് ജോലി ലഭിച്ചിട്ടില്ലായെന്നും അന്വേഷണത്തിൽ ഇനിയും 7 വർഷങ്ങൾ എടുക്കുമെന്ന് അറിയാൻ കഴിഞ്ഞുവെന്നും ആയതിനാൽ മലപ്പുറം ജില്ലയിലോ മറ്റ് ഏതെങ്കിലും ജില്ലയിലോ എൽ. ഡി. ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകണമെന്നും തുടർന്ന് കൊല്ലം ജില്ലയിൽ അവസരം വരുന്ന മുറയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടാതെ സ്ഥലം മാറ്റം നൽകണമെന്നും പരാമർശം (3) പ്രകാരം ശ്രീ. മനോജ് എൻ. എസ്. അപേക്ഷിക്കുകയുണ്ടായി.

2 ) കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനാനുമതി ലഭിച്ചിട്ടുള്ള 11 പേർ നിലവിൽ ടിയാന് മുൻപായി നിയമനത്തിനായി ഊഴം കാത്ത് നിലവിലുള്ളതാണെന്നും നിലവിലുള്ള ഉത്തരവുകളിൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനത്തിന് നിശ്ചിത അനുപാതം പാലിക്കേണ്ടതുള്ളതിനാൽ കൊല്ലം ജില്ലയിൽ റവന്യൂ വകുപ്പിൽ ഒരു വർഷത്തിൽ ശരാശരി രണ്ട് പേർക്ക് മാത്രമാണ് നിയമനം നൽകാൻ കഴിയുന്നതെന്നും ആയതിനാൽ ശ്രീ. മനോജിന്റെ അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും കൊല്ലം ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളതായി പരാമർശം (4) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക 28 പ്രകാരം നിയമനത്തിനായി ഏത് ജില്ല തെരഞ്ഞെടുക്കുന്നതിനും അപേക്ഷകന് അവകാശമുണ്ട്. അപേക്ഷകൻ തെരഞ്ഞെടുക്കുന്ന ജില്ലയിൽ ഒഴിവുകൾ ലഭ്യമല്ലായെങ്കിൽ ഒഴിവുകൾ ലഭ്യമായ ഏത് ജില്ലയിലും നിയമനം നൽകാവുന്നതും ഏറ്റവും ആദ്യത്തെ അവസരത്തിൽ ഓപ്റ്റഡ് ജില്ലയിലേയ്ക്ക് സീനിയോറിറ്റി നഷ്ടം വരാതെ മാറാവുന്നതുമാണെന്ന് പരാമർശം (1) സർക്കാർ ഉത്തരവിന്റെ ഖണ്ഡിക 29 ൽ വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. മനോജ് എൻ. എസ്. ആശ്രിത നിയമനത്തിനായി 25.10.2022 ൽ സമർപ്പിച്ച അപേക്ഷയിൽ കൊല്ലം ജില്ലയാണ് ഓപ്റ്റ് ചെയ്തിരുന്നത്. ടി ജില്ലയിൽ നിയമനം ലഭിക്കാത്ത സാഹചര്യത്തിലാണ് ടിയാൻ മലപ്പുറം ജില്ല ഓപ്റ്റ് ചെയ്തത്. അതിനാൽ ഇപ്രകാരം ടി ജില്ലയിൽ ടിയാന് നിയമനം നൽകുമ്പോൾ മലപ്പുറം ജില്ല ടിയാന്റെ ഓപ്റ്റഡ് ജില്ലയായി പരിഗണിക്കേണ്ടതുണ്ട്.

4) മേൽ സാഹചര്യത്തിൽ, റവന്യു വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ ആയി ജോലി നോക്കി വരവെ അന്തരിച്ച ശ്രീമതി ശോഭനയുടെ മകനായ ശ്രീ. മനോജ് എൻ. എസ്. (മഞ്ജു നിവാസ്, വരിഞ്ഞം, കല്ലുവാതുക്കൽ പി.ഒ., കൊല്ലം 691 578) ന് മലപ്പുറം ജില്ല ടിയാന്റെ ഓപ്റ്റഡ് ജില്ലയായി പരിഗണിച്ച് ടിയാൾക്ക് നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് അപേക്ഷകന്റെ തിരിച്ചറിയൽ രേഖ, അനന്തരാവകാശ സാക്ഷ്യപത്രത്തിന്റെ അസ്സൽ എന്നിവ നിയമനാധികാരി പരിശോധിച്ചിരിക്കണമെന്ന വ്യവസ്ഥയ്ക്കും പരാമർശം (1) സർക്കാർ ഉത്തരവിലേയും അനുബന്ധ ഉത്തരവുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി റവന്യൂ വകുപ്പിൽ മലപ്പുറം ജില്ലയിൽ ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകാൻ അനുമതി നൽകി ഉത്തരവാകുന്നു.

5) ശ്രീ. മനോജ് എൻ. എസ്. ന് മറ്റ് ജില്ലകളിലേയ്ക്കുള്ള അന്തർജില്ലാ മാറ്റത്തിന് 5 വർഷം

എന്ന സമയപരിധി ബാധകമാക്കേണ്ടതും അന്തർ ജില്ലാ/വകുപ്പ് മാറ്റത്തിന് നിഷ്കർഷിച്ചിട്ടുള്ള മറ്റ് നിയമങ്ങൾ ബാധകമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, മലപ്പുറം.
ജില്ലാ കളക്ടർ, കൊല്ലം.
ശ്രീ. മനോജ് എൻ. എസ്., മഞ്ജു നിവാസ്, വരിഞ്ഞം,
കല്ലുവാതുക്കൽ പി.ഒ., കൊല്ലം 691 578 . (രജിസ്റ്റേർഡ് തപാൽ മുഖേന).
പൊതുഭരണ (സി.ഇ) സെൽ വകുപ്പ്,
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്. (REV-T1/228/2023-REV)

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 07-06-2024 17:00:33

സെക്ഷൻ ഓഫീസർ